**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - പാർട്ണർ കേരള മിഷന്റെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി ഏറ്റെടുക്കുന്നതിന് **IMPACT KERALA Ltd-**ന്റെ മാനേജിംഗ് ഡയറക്ടറെ (നഗരകാര്യ ഡയറക്ടർ) ചുമതലപ്പെടുത്തിയും പാർട്ണർ കേരള മിഷന്റെ പേരിൽ ഗവ. ട്രഷറിയിൽ ബാക്കിയുള്ള തുകയും എസ്.ബി.ഐ.യിലെ കറന്റ് അക്കൌണ്ടിൽ ബാക്കിയുള്ള തുകയും **IMPACT KERALA Ltd-**ന്റെ മാനേജിംഗ് ഡയറക്ടറുടെ (നഗരകാര്യ ഡയറക്ടർ) പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.1620/2018/തസ്വഭവ തിരുവനന്തപുരം, തീയതി 14.06.2018

പരാമർശം :- 1) സ.ഉ. (സാധാ.)നം. 4152/2017/ത.സ്വ.ഭ.വ. തീയതി 20/12/2017

2) പാർട്ണർ കേരള മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 31.01.2018 ലെ 226/PKM/2018 നമ്പർ കത്ത്

<u>**ഉത്തരവ്**</u>

പാർട്ണർ കേരള മിഷന്റെ ആസ്തി ബാധ്യതകൾ IMPACT KERALA Ltd-ൽ നിക്ഷിപ്തമാക്കി പാർട്ണർ കേരള മിഷന്റെ പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ടും ആസ്തി-ബാധ്യതകൾ കണക്കാക്കി ഒരുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ പാർട്ണർ കേരള മിഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിക്കൊണ്ടും പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് പാർട്ണർ കേരള മിഷന്റെ ആസ്തി ബാധ്യത റിപ്പോർട്ട് പരാമർശം (2) പ്രകാരം പാർട്ണർ കേരള മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം പാർട്ണർ കേരള മിഷന്റെ ട്രഷറി ബാലൻസ് 62,98,111/-രൂപയും എസ്.ബി.ഐ. ബാലൻസ് 11,32,737.50/-രൂപയുമാണ് എന്ന് പാർട്ണർ കേരള മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. പാർട്ണർ കേരള മിഷന്റെ പ്രവർത്തനം പൂർണ്ണമായി അവസാനിച്ചതു വരെയുള്ളതും ചാർട്ടേർഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ ആഡിറ്റഡ് അക്കൗണ്ട്സ് പ്രകാരമുള്ളതുമായ പാർട്ണർ കേരള മിഷന്റെ ആസ്തി-ബാധ്യതകൾ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തിട്ടപ്പെടുത്തി ആയത് ഏറ്റെടുക്കാൻ IMPACT KERALA Ltd-ന്റെ മാനേജിംഗ് ഡയറക്ടർ കൂടിയായ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ പാർട്ണർ കേരള മിഷന്റെ പേരിൽ സർക്കാർ ട്രഷറിയിലുള്ള ബാക്കി തുകയും എസ്.ബി.ഐ.യിലെ കറന്റ് അക്കൌണ്ടിലുള്ള ബാക്കി തുകയും, പാർട്ണർ കേരള മിഷന്റെ ബാധ്യത തീർക്കുന്നതിനു വേണ്ടി മാത്രം ഉപയോഗിക്കുന്നതിനായി, IMPACT KERALA Ltd-ന്റെ മാനേജിംഗ്

ഡയറക്ടറുടെ (നഗരകാര്യ ഡയറക്ടർ) പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക്, ട്രാൻസ്ഫർ ചെയ്യുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**സിന്ധു.എൽ**
**ഗവ.സ്പെഷ്യൽ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, IMPACT KERALA Ltd (നഗരകാര്യ ഡയറക്ടർ), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ബ്രാഞ്ച് മാനേജർ, എസ്.ബി.ഐ. സിറ്റി ബ്രാഞ്ച്, സ്റ്റാച്യൂ, തിരുവനന്തപുരം (with C/L)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
ധനകാര്യ (ഡവലപ്മെന്റ് ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ